ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ.ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും; വിഴിഞ്ഞത്തിനും വയനാടിനും പ്രത്യേക പരിഗണന ലഭിച്ചേയ്ക്കും; ജനപ്രിയ പ്രഖ്യാപനങ്ങൾക്കും സാധ്യത.

   **State Budget to be presented in Assembly today by Finance Minister K.N. Balagopal; Vizhinjam and Wayanad likely to get special mention; Popular announcements likely.**

2. രാജ്യത്തിന് പ്രഥമ പരിഗണന നൽകുന്ന വികസന മാതൃകയാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi asserts his government's model of development is 'Nation First', focusing on satisfaction rather than appeasement.**

3. ഇന്ത്യ-യു.എസ് പ്രതിരോധ സഹകരണം സംബന്ധിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിംഗും, യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തും അവലോകനം ചെയ്തു.

   **Defence Minister Rajnath Singh and his US counterpart Pete Hegseth review defence cooperation between the two countries; Agree to support growing defence innovation collaboration.**

4. വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറും, ഗ്രീസ് വിദേശകാര്യ മന്ത്രി ജോർജ്ജ് ജെറാപെട്രിറ്റിസും ന്യൂഡൽഹിയിൽ

കൂടിക്കാഴ്ച നടത്തി.

External Affairs Minister Dr. S Jaishankar and Greece Foreign Affairs Minister George Gerapetritis today held a bilateral meeting in New Delhi.

5. അടിസ്ഥാന ബാങ്കിങ് നിരക്കുകൾ ആർ.ബി.ഐ ഇന്ന് പ്രഖ്യാപിക്കും.

RBI to announce banking rates today.

6. ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. ദേശീയ ഗെയിംസിൽ കേരളത്തിന്റെ ലയ ഫാത്തിമക്ക് തായ് ക്കൊണ്ടോയിൽ വെങ്കലം.

India wins the first ODI series against England. Kerala's Laya Fatima wins bronze in taekwondo at the National Games.

&&&&&&&&&&&&&&&&&&

## PM (INTRO)

രാജ്യത്തിന് പ്രഥമ പരിഗണന നൽകുന്ന വികസന മാതൃകയാണ് വികസന മാതൃകയാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് രാജ്യസഭയിൽ മറുപടി പറയുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തെ 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനും അവരെ മധ്യവർഗ വിഭാഗത്തിലേക്ക് ഉയർത്താനും സർക്കാരിന് സാധിച്ചതായി അദ്ദേഹം പറഞ്ഞു.

(വോയിസ്)

വികസ്വര രാഷ്ട്രത്തിൽ നിന്ന് വികസിത രാഷ്ട്രത്തിലേക്കുള്ള യാത്ര അടിസ്ഥാന സൗകര്യ വികസനത്തിലൂടെയാണെന്നും അതിനായുള്ള പരിശ്രമം തുടരുകയാണെന്നും പ്രധാനമന്ത്രി

വ്യക്തമാക്കി. വനിതകൾക്കും യുവാക്കൾക്കും കൂടുതൽ അവസരങ്ങൾ നൽകുന്നത് രാജ്യപുരോഗതിക്ക് ആക്കം കൂട്ടുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## BUDGET (INTRO)

സംസ്ഥാന ബജറ്റ് ഇന്ന്. ഒട്ടേറെ ക്ഷേമ, വികസന പദ്ധതികൾ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്ന സംസ്ഥാന ബജറ്റ് ഇന്ന് രാവിലെ 9 ന് മന്ത്രി കെ.എൻ.ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വ്യക്തമാക്കുന്ന അവലോകനവും ഇന്ന് സഭയിൽ വയ്ക്കും. ക്ഷേമ പെൻഷൻ വർധന, വയനാട് പുനരധിവാസ പാക്കേജിനുള്ള പണം തുടങ്ങിയ പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകാനിടയുണ്ട്.

&&&&&&&&&&&&&&&&&&

## HIGH-SPEED CORRIDORS

പ്രധാനമന്ത്രി ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ പ്രകാരം രാജ്യത്ത് രണ്ടായിരത്തി നാനൂറ് കിലോമീറ്ററിലധികം ദൈർഘ്യമുള്ള എട്ട് ദേശീയ അതിവേഗ ഇടനാഴികൾ പ്രവർത്തനക്ഷമം ആയതായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. രാജസ്ഥാനിൽ 887 കിലോമീറ്റർ അതിവേഗ ഇടനാഴിയും ഹരിയാനയിൽ 583 കിലോമീറ്റർ ഇടനാഴിയും പൂർത്തിയായതായി മന്ത്രി ലോക്സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## DHARMEDRA PRADHAN

രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രതിപക്ഷത്തെ ചില നേതാക്കൾ രാഷ്ട്രീയ താത്പര്യത്തോടെ പുരോഗമനാത്മകമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളെ വളച്ചൊടിക്കുകയാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി

ധർമ്മേന്ദ്ര പ്രധാൻ. സ്വന്തം ആഖ്യാനങ്ങൾ സാധൂകരിക്കാനുള്ള സാങ്കൽപ്പിക ഭീഷണികളാണ് അവരുടെ വാദങ്ങളെന്നും അദ്ദേഹം വിമർശിച്ചു. യുജിസി കരട് ചട്ടങ്ങൾ അവസരങ്ങൾ പരിമിതപ്പെടുത്തുകയല്ല, വികസിപ്പിക്കുകയാണ് ചെയ്യുകയെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## 12 NUCLEAR POWER PLANTS

2014 ന് ശേഷം രാജ്യത്ത് 12 ആണവ നിലയങ്ങളുടെ നിർമാണത്തിന് ഭരണാനുമതിയും സാമ്പത്തിക അനുമതിയും നൽകിയതായി കേന്ദ്ര സർക്കാർ. കൂടംകുളത്ത് റഷ്യയുമായി സഹകരിച്ച് 700 മെഗാവാട്ട് ശേഷിയുള്ള 10 തദ്ദേശീയ റിയാക്ടറുകൾ കൂടി സ്ഥാപിക്കും. കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് രാജ്യസഭയിൽ രേഖാമൂലമുള്ള മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## RAJNATH-US

രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിംഗും യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തും കര, വായു, സമുദ്രം, ബഹിരാകാശം തുടങ്ങിയ മേഖലകളിലെ ഇന്ത്യ-യു.എസ് പ്രതിരോധ സഹകരണം അവലോകനം ചെയ്തു. ഇരു നേതാക്കളും ഉഭയകക്ഷി പ്രതിരോധ പങ്കാളിത്തത്തെ അഭിനന്ദിക്കുകയും ബന്ധം കൂടുതൽ ആഴത്തിലാക്കാനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു. സാങ്കേതിക സഹകരണം, പ്രതിരോധ വ്യാവസായിക വിതരണ ശൃംഖലകളുടെ സംയോജനം, മെച്ചപ്പെട്ട പരസ്പര പ്രവർത്തനക്ഷമത, ലോജിസ്റ്റിക്സ്, സംയുക്ത സൈനികാഭ്യാസം എന്നിവയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ ഇരു മന്ത്രിമാരും തീരുമാനിച്ചു. ഫോണിലൂടെയാണ് ഇരുവരും ആശയവിനിമയം നടത്തിയത്.

&&&&&&&&&&&&&&&&&&

## RBI-REPO RATE

അടിസ്ഥാന ബാങ്കിങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര ഇന്ന് പ്രഖ്യാപിക്കും. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുന്നത് ലക്ഷ്യമിട്ട് റിപ്പോ നിരക്ക് കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഒരു പ്രമുഖ വ്യവസായ സംഘടനയായ അസോചം പറഞ്ഞു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയ അവലോകന യോഗത്തിന് ശേഷമാണ് പ്രഖ്യാപനം. നിലവിലെ റിപ്പോ നിരക്ക് 6.50 ശതമാനമാണ്.

&&&&&&&&&&&&&&&&&&

## DELHI COUNTING

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻ്റെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. ജനവിധി നാളെ അറിയാം. ബുധനാഴ്ച നടന്ന വോട്ടെടുപ്പിൽ 60.42 ശതമാനം പോളിംഗ് രേഖപ്പെടുത്തി. കമ്മീഷൻ്റെയും പോലീസ് ഉദ്യോഗസ്ഥരുടെയും നിരീക്ഷണത്തിലുള്ള സ്ട്രോങ് റൂമുകളിലാണ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പുറത്തുവന്ന എക്സിറ്റ് പോൾ ഫലങ്ങളിൽ ബി ജെ പി-യ്ക്ക് മുൻതൂക്കം പ്രവചിക്കുന്നു.

&&&&&&&&&&&&&&&&&&

## JAISHANKAR-GREECE (INTRO)

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറും, ഗ്രീസ് വിദേശകാര്യ മന്ത്രി ജോർജ്ജ് ജെറാപെട്രിറ്റിസും ന്യൂഡൽഹിയിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, തുടങ്ങിയ മേഖലകളിൽ ഗ്രീസുമായി സഹകരിക്കാനുള്ള ഇന്ത്യയുടെ താൽപ്പര്യം ശ്രീ. ജയ്ശങ്കർ അറിയിച്ചു.

(വോയിസ് )

കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഗ്രീസും ഇന്ത്യയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെട്ടതായും വിനോദസഞ്ചാരം, സംസ്കാരം, എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഇന്ത്യയുമായി ബന്ധം വ്യാപിപ്പിക്കാൻ താത്പര്യമുണ്ടെന്നും ഗ്രീസ് വിദേശകാര്യ

മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PREZ–TENDULKAR

ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറും കുടുംബാംഗങ്ങളും ഇന്നലെ രാഷ്ട്രപതി ഭവനിലെത്തി രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. രാഷ്ട്രപതി ഭവൻ്റെ സംരംഭമായ 'രാഷ്ട്രപതി ഭവൻ വിമർശ് ശൃംഖലയുടെ സെഷനിൽ, ക്രിക്കറ്റ് താരമെന്ന നിലയിലുള്ള തൻ്റെ പ്രചോദനപരമായ യാത്രയുടെ അനുഭവങ്ങൾ സച്ചിൻ പങ്കുവച്ചു. വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും കായികതാരങ്ങളും വിദ്യാർത്ഥികളും സെഷനിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## VICE PRESIDENT–KARNATAKA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കർണാടകയിലെ റാണെബെന്നൂർ സന്ദർശിക്കും. റാണെബെന്നൂരിൽ ഇന്ന് നടക്കുന്ന കർണാടക വൈഭവ സാഹിത്യ സാംസ്കാരികോത്സവത്തിൻ്റെ ഉദ്ഘാടന ചടങ്ങിൽ ശ്രീ ധൻഖർ മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&&&&

## ENERGY FAIR

ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേരള രാജ്യാന്തര ഊർജ മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. തൈക്കാട് പോലീസ് മൈതാനിയിൽ മന്ത്രി കെ കൃഷ്ണൻകുട്ടി മേള ഉദ്ഘാടനം ചെയ്യും . കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## BUDGET

ഇനി സംസ്ഥാന ബജറ്റ് പ്രതീക്ഷകളിലേയ്ക്ക്.....

## BUDGET (VOICE)

വയനാട് പുനരധിവാസത്തിനുള്ള പദ്ധതി വിഹിതം ബജറ്റിൽ പ്രഖ്യാപിച്ചേക്കും. വൻകിട വികസന പദ്ധതി എന്ന നിലയിൽ വിഴിഞ്ഞത്തിന് പ്രത്യേക പരിഗണന ലഭിക്കും. പദ്ധതി വിഹിതത്തിൽ 10 % വർധന തീരുമാനിച്ചിട്ടുള്ളതിനാൽ ഒട്ടേറെ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചേക്കും. വ്യവസായം വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾക്ക് സാധ്യതയുണ്ട്. വിനോദസഞ്ചാര മേഖലയ്ക്കും പരിഗണന ലഭിക്കും. ക്ഷേമ പെൻഷൻ വർധനയിൽ സർക്കാർ വാഗ്ദാനം നിറവേറ്റുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചത് പ്രതീക്ഷയുണർത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായിരിക്കും മുൻഗണന. ക്ഷാമബത്ത സംബന്ധിച്ച പ്രഖ്യാപനമാണ് സർക്കാർ ജീവനക്കാരുടെ ബജറ്റ് പ്രതീക്ഷ. ക്ഷാമാശ്വാസവും കുടിശികയും പെൻഷൻകാരും പ്രതീക്ഷിക്കുന്നു. അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം എന്ന നയത്തിൽ മാറ്റംവരുത്തിയിട്ടില്ലെന്ന് ധനമന്ത്രി പറഞ്ഞത് 12–ാാം ശമ്പള പരിഷ്കരണ കമ്മിഷൻ പ്രഖ്യാപനത്തിന്റെ സൂചനയായി ജീവനക്കാർ കരുതുന്നു. നികുതിയേതര വരുമാനം

കൂട്ടാനുള്ള നടപടികൾ ബജറ്റിലുണ്ടാകും. കിഫ്ബിക്ക് വരുമാനമുണ്ടാക്കാൻ സംസ്ഥാന പാതകൾക്ക് യൂസർ ഫീ അടക്കം പല പദ്ധതികൾ ആലോചനയിലുണ്ട്. സ്വന്തമായി വരുമാനം ഇല്ലാതെ കിഫ്ബിക്ക് നിലനിൽക്കാനാകില്ലെന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു. യുക്തിസഹമായ നികുതി വർദ്ധന എന്ന ധനമന്ത്രിയുടെ പ്രഖ്യാപനം വിവിധ സേവന നിരക്കുകളിലെ വർദ്ധനവിന്റെ സൂചനയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

## MAHAKUMBH - NEW LAWS

രാജ്യത്തെ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി പ്രയാഗ്‌രാജിലെ മഹാകുംഭമേളയിൽ ഡിജിറ്റൽ പ്രദർശനം ഒരുക്കി. ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവയാണ് നിയമങ്ങൾ. കഴിഞ്ഞ വർഷം ജൂലൈ ഒന്നിനാണ് ഇവ നിലവിൽ വന്നത്. ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനൊപ്പം സൈബർ കുറ്റകൃത്യങ്ങളും സംഘടിത കുറ്റകൃത്യങ്ങളും പോലുള്ള സമകാലിക വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് പുതിയ ചട്ടക്കൂട് അവതരിപ്പിക്കുന്നതാണ് പുതിയ നിയമങ്ങൾ.

&&&&&&&&&&&&&&&&&&

## CRICKET-IND VS ENG TARGET

നാഗ്പൂരിലെ വിദർഭ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന ഇന്ത്യ-ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. ഇംഗ്ലണ്ടിനെ നാലു വിക്കറ്റിന് തകർത്താണ് ഇന്ത്യ വിജയം സ്വന്തമാക്കിയത്. ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഇംഗ്ലണ്ട് 47.4 ഓവറിൽ 248 റൺസിന് ഓൾഔട്ടായി. 249 റൺസ് ലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 38.4 ഓവറിൽ

ആറുവിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇതോടെ മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ മുന്നിലെത്തി. ഇന്ത്യയ്ക്കായി ശുഭ്മാൻ ഗില്ലും, ശ്രേയസ് അയ്യരും, അക്സർ പട്ടേലും അർധസെഞ്ചുറികൾ നേടി. പരമ്പരയിലെ രണ്ടാം മത്സരം

ഞായറാഴ്ച കട്ടക്കിൽ നടക്കും.

&&&&&&&&&&&&&&&&&&

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഒരു മെഡൽ കൂടി. തായ് ക്കൊണ്ടോയിൽ വനിതാ പുംസെ ഇനത്തിൽ ലയ ഫാത്തിമക്ക് വെങ്കലം ലഭിച്ചു. ഇന്ന് നടക്കുന്ന ഫുട്ബോൾ ഫൈനൽ മത്സരത്തിൽ കേരള ടീം ഉത്തരാഖണ്ഡിനെ നേരിടും. നെറ്റ് ബോൾ, തായ് ക്കൊണ്ടോ എന്നീ ഇനങ്ങളിലും കേരളം ഇന്ന് മത്സരിക്കുന്നുണ്ട്. 31 സ്വർണ്ണവുമായി സർവീസസാണ് മെഡൽ പട്ടികയിൽ ഒന്നാമത്. കർണാടക രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 9 സ്വർണം ഉൾപ്പെടെ 25 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്. നാളെ ആരംഭിക്കുന്ന അത്ലറ്റിക് മത്സരങ്ങളിൽ പങ്കെടുക്കാൻ കേരളം ടീം ഡെറാഡൂണിൽ എത്തി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&